ജനുവരി 2024

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

പ്രതീക്ഷകൾ നിറഞ്ഞ ഒരു പുതുവർഷത്തിലേക്ക് ദൈവം നമ്മെ പ്രവേശിപ്പിക്കുന്നു. 2023 ന്റെ ആരംഭം മുതൽ അവസാനം വരെയും സംവത്സരത്തെ തന്റെ കൃപകൊണ്ട് പൊതിഞ്ഞ ദൈവത്തിന് സ്തോത്രം. ചരിത്രത്തിന്റെ ഗതിയെ രൂപപ്പെടുത്തിയ നിരവധി സംഭവങ്ങൾക്ക് 2023 സാക്ഷ്യം വഹിച്ചു. ശാസ്ത്രസാങ്കേതിക രംഗത്ത് ദേശീയ, അന്തർദേശീയ തലങ്ങളിൽ വൻ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചു. കൃഷി, ആരോഗ്യസംരക്ഷണം, ബഹിരാകാശ ഗവേഷണം, ആണവോർജ്ജം തുടങ്ങിയ മേഖലകൾ അതിനുദാഹരണങ്ങളാണ്. ഇന്ത്യയുടെ ചന്ദ്രയാൻ ദൗത്യം വിജയകരമായി പൂർത്തീകരിക്കുവാൻ സാധിച്ചത് ബഹിരാകാശ പര്യവേക്ഷണത്തിലും ശാസ്ത്ര നേട്ടങ്ങളിലുമുള്ള നമ്മുടെ രാജ്യത്തിന്റെ മികവിന്റെ തെളിവായി നിലകൊള്ളുന്നു. എന്നാൽ നേട്ടങ്ങളുടെ മധ്യത്തിലും സംഘർഷങ്ങളും പിരിമുറുക്കങ്ങളും കുറവല്ലായിരുന്നു. യുക്രൈൻ-റഷ്യ യുദ്ധവും പലസ്തീൻ-യിസ്രായേൽ സംഘർഷവും ഏറെ ദുഃഖകരമായ അനുഭവങ്ങളിലൂടെ തുടർന്ന് കൊണ്ടേയിരിക്കുന്നു. ജീവിതത്തിലെ പരുപരുത്ത യാഥാർഥ്യങ്ങളെ അഭിമുഖീകരിക്കുവാൻ സാധ്യമാകാതെ സ്വയം ജീവനെയെടുത്തവരുടെ എണ്ണവും ഏറെയായിരുന്നു. കലാപങ്ങളുടെ മുറിവുണങ്ങാത്ത ഇടങ്ങളും ഏകാധിപതികളാൽ കശാപ്പുചെയ്യപ്പെടുന്ന ജനാധിപത്യവും ഇന്നിന്റെ നേർക്കാഴ്ചകളാണ്. ഇവയുടെ മധ്യത്തിൽ പകൽ മേഘസ്തംഭമായും രാത്രി അഗ്നിത്തൂണായും ദൈവം നമ്മെ അതിശയകരമായി പരിപാലിച്ചു. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിൽ പ്രതീക്ഷയോടെ നമുക്ക് മുമ്പോട്ടു പോകാം. എല്ലാവർക്കും നവവത്സരാശംസകൾ.

ഈ ലക്കം സഭാതാരക എപ്പിസ്ക്കോപ്പൽ സ്ഥാനാഭിഷേക വിശേഷാൽ പതിപ്പായി പ്രസിദ്ധീകരിക്കുന്നു. കർത്താവിന്റെ ശരീരമാകുന്ന തിരുസഭയെ കാലോചിതമായി നയിക്കുന്നതിന് ഉത്തമരായ മേല്പട്ടക്കാരെയും പട്ടക്കാരെയും ആത്മായ നേതൃത്വത്തെയും ദൈവം വിളിച്ച് ഉത്തരവാദിത്വങ്ങൾ ഭരമേല്പിക്കുന്നു. എപ്പിസ്ക്കോപ്പാ ക്രൈസ്തവ ജനങ്ങൾക്ക് ആത്മീയ പിതാവും ക്രിസ്തുവിന്റെ ആടുകളുടെ ഇടയന്മാർക്ക് ഒരു പ്രധാന ഇടയനുമാണ്. നമ്മുടെ സഭയിൽ 12 വർഷങ്ങൾക്ക് ശേഷമാണ് മൂന്ന് പുതിയ എപ്പിസ്ക്കോപ്പാമാരെ അഭിഷേകം ചെയ്യുന്നത്. നവാഭിഷിക്തരായ സഖറിയാസ് മാർ അപ്രേം, ഡോ. ജോസഫ് മാർ ഇവാനിയോസ്, മാത്യൂസ് മാർ സെറാഫിം എന്നീ എപ്പിസ്കോപ്പാമാരുടെ ശുശ്രൂഷകൾ ദൈവരാജ്യ കെട്ടുപണിക്കും സഭയ്ക്കും സമൂഹത്തിനും ഏറ്റവും അനുഗ്രഹകരമാകുന്നതിന് എല്ലാവരും പ്രാർത്ഥിക്കണം. നിയോഗ സ്ഥാനങ്ങൾക്ക് പിന്നിലെ ദൈവവിളിയും ഉത്തരവാദിത്വങ്ങളും തിരിച്ചറിയുകയാണ് ആവശ്യം. എപ്പിസ്കോപ്പൽ നിയോഗ ശുശ്രൂഷയോടനുബന്ധിച്ച എല്ലാ ക്രമീകരണങ്ങളും ഭംഗിയായി നിർവഹിച്ച എപ്പിസ്ക്കോപ്പൽ സിനഡിനോടും, സഭയുടെ ഔദ്യോഗിക ഭാരവാഹികളോടും, സഭാ കൗൺസിലിനോടും സഹകരിച്ച എല്ലാ ജനങ്ങളോടുമുള്ള നന്ദി പ്രകാശിപ്പിക്കുന്നു. എപ്പിസ്ക്കോപ്പൽ തെരെഞ്ഞെടുപ്പിൽ വ്യാപരിച്ച ദൈവ കൃപയ്ക്ക് സ്തോത്രം. നോമിനേഷൻ ബോർഡിനോടും മണ്ഡലത്തോടുമുള്ള നന്ദിയും അറിയിക്കുന്നു.

നിയോഗിതർ മൂന്ന് പേരും വ്യത്യസ്ഥ തലങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ നല്കാൻ കഴിവുള്ളവരാണ്. അവയെ കണ്ടെത്തി വളർത്തുകയാണ് ആവശ്യം. ദൈവം നല്കിയ വരങ്ങളെ ദൈവനാമ മഹത്വത്തിനായി ജ്വലിപ്പിക്കണം. ഒരു പുതിയ യുഗത്തിലെ എപ്പിസ്ക്കോപ്പാ എന്ന നിലയിൽ വിലയിരുത്തലുകളും ശക്തീകരണങ്ങളും ഉണ്ടാകണം. നവീകരണ സഭ എന്ന നിലയിൽ സഭയെ പരിപോഷിപ്പിക്കുകയും അതിന്റെ തനിമയെ നിലനിർത്തുകയുമാണ് ആവശ്യം. തുറന്ന വേദപുസ്തകം എന്ന കാഴ്ചപ്പാടും, സുവിശേഷ വിഹിത സഭ എന്ന ശൈലിയും ഒരിക്കലും നഷ്ടപ്പെടുത്തരുത്. വിളിയും നിയോഗവും തിരിച്ചറിഞ്ഞ്, ദൈവസന്നിധിയിൽ മുട്ടുകളെ മടക്കി, ദൈവത്തിന്റെ ഹിതം തന്റെ ജനത്തെ അറിയിക്കുന്ന ഇടയന്മാരെയാണ് സഭയ്ക്ക് ആവശ്യം. ചുമതല സ്ഥാനങ്ങളിലേക്ക് പ്രവേശിക്കുന്ന അഭിനവ എപ്പിസ്ക്കോപ്പാമാർക്ക് ആശംസകൾ. അവരെ ദൈവകരങ്ങളിലർപ്പിച്ച് ഏവരും മുട്ടിപ്പായി പ്രാർത്ഥിക്കണം. സഭ ഒരിക്കലും വിമർശനത്തിനതീതമല്ല. ക്രിയാത്മക വിമർശനങ്ങളെ അത് അർഹിക്കുന്ന പ്രാധാന്യത്തോടു സ്വീകരിക്കുകയും അല്ലാത്തവയെ തള്ളിക്കളയുകയും ചെയ്താണ് നമ്മുടെ സഭ മുമ്പോട്ടു പോയിട്ടുള്ളത്. ക്രിയാത്മക വിമർശനം ഉന്നയിക്കുന്നവരെ വ്യക്തിപരമായി അവഹേളിക്കുന്നത് നമ്മുടെ ശീലമല്ല. പ്രത്യുത എല്ലാവരെയും ഉൾക്കൊള്ളുന്ന, എല്ലാവരെയും സഹിഷ്ണതയോടു ശ്രവിക്കുന്ന ഒരു മനോഭാവമാണ് മാർത്തോമ സഭയുടെ തനിമയും

അതിന്റെ ചൈതന്യവത്തായ പ്രവർത്തനത്തിന്റെ അടിത്തറയും.

ഇപ്പോൾ നമ്മുടെ സഭയിൽ 12 തിരുമേനിമാരാണുള്ളത്. അഭിനവ എപ്പിസ്ക്കോപ്പാമാരുടെ നിയോഗത്തെ തുടർന്ന് തിരുമേനിമാരുടെ ചുമതലാ സ്ഥാനങ്ങൾ വ്യത്യാസപ്പെടുത്തിയിരിക്കുന്നു. നമ്മുടെ തിരുമേനിമാരുടെ ഭദ്രാസന അധ്യക്ഷ സ്ഥാനം, സ്ഥാപനങ്ങളുടെയും സംഘടനകളുടെയും അധ്യക്ഷ ചുമതല, ആദിയായവ സംബന്ധിച്ച എപ്പിസ്ക്കോപ്പൽ സിനഡിന്റെ തീരുമാനം എല്ലാവരെയും സർക്കുലർ 116 ലൂടെ അറിയിച്ചിട്ടുണ്ടല്ലോ. അവർക്കാവശ്യമായ ദൈവകൃപ ലഭിക്കുന്നതിന് പ്രാർത്ഥിക്കുകയും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു. പുതുതായി വികാരി ജനറാൾ സ്ഥാനത്തേക്ക് നിയമിതരായിരിക്കുന്ന വെരി റവ. തോമസ് കെ. ജേക്കബ്, വെരി. റവ. ഡോ. ഷാം പി. തോമസ്, വെരി റവ. കെ. വി. ചെറിയാൻ എന്നിവരെയും പ്രാർത്ഥനയിൽ ഓർക്കാം.

സഭാ കൗൺസിലിന്റെയും എപ്പിസ്കോപ്പൽ സിനഡിന്റെയും ആലോചനയോടുകൂടെ ഇപ്പോൾ നിലവിലുള്ള നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിലെ യൂറോപ്പിലുള്ള ഇടവകകളെ ആ ഭദ്രാസനത്തിൽ നിന്നും മാറ്റി നോർത്ത് അമേരിക്ക ഭദ്രാസനം രൂപീകരിച്ചിരിക്കുന്നു. യൂറോപ്പിലെ ഇടവകകളെയും ആഫ്രിക്കയിലെ ഇടവകകളെയും ഉൾപ്പെടുത്തി യു. കെ. - യൂറോപ്പ് - ആഫ്രിക്ക എന്ന പേരിൽ പുതിയ ഒരു ഭദ്രാസനം രൂപീകരിക്കുകയും ചെയ്തിരിക്കുന്നു. ഈ ക്രമീകരണവും 2024 ജനുവരി 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. പുതുതായി രൂപീകൃതമായിരിക്കുന്ന യു. കെ. - യൂറോപ്പ് - ആഫ്രിക്ക ഭദ്രാസനം മുംബൈ ഭദ്രാസന അദ്ധ്യക്ഷന്റെ ചുമതലയിലായിരിക്കുന്നതുമത്രെ. ഈ പുതിയ ക്രമീകരണങ്ങൾ സഭയുടെയും ഇടവകകളുടെയും ഉണർവ്വിനും പുതുക്കത്തിനും സഭ ലോകത്തിൽ നിർവ്വഹിക്കേണ്ട ദൗത്യത്തിന്റെ പുരോഗമനത്തിനും മുഖാന്തിരമായിത്തീരുവാൻ എല്ലാവരും പ്രാർത്ഥനാപൂർവ്വം സഹകരിക്കണം.

സഭയുടെ ഔദ്യോഗിക നാവായ മലങ്കര സഭാതാരക അതിന്റെ പ്രവർത്തനങ്ങളിൽ 131 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. എല്ലാവർഷവും ജനുവരി മാസം താരക മാസമായി ആചരിക്കുന്നു. സഭാതാരകയ്ക്ക് കൂടുതൽ വായനക്കാരെയും വരിക്കാരെയും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് താരക മാസാചരണം ക്രമീകരിക്കുന്നത്. ഓരോ മാർത്തോമ്മാ ഭവനത്തിലും സഭാതാരക എന്ന ലക്ഷ്യം സാധ്യമാക്കണം. താരകയുടെ ഇംഗ്ലീഷ് പതിപ്പിന്റെ ഓൺലൈൻ പ്രസിദ്ധീകരണവും ഇപ്പോൾ ലഭ്യമാണ്. എല്ലാ ഇടവകകളും സ്ഥാപനങ്ങളും സഭാതാരകയുടെ സ്ഥിരം വരിക്കാരാകണം. ഓരോ വരിക്കാരും തങ്ങളുടെ പരിചയത്തിലുള്ള മറ്റ് 5 പേരെക്കൂടി വരിക്കാരാക്കി ചേർത്ത് ഈ ഉദ്യമത്തിൽ സഹകരിക്കണം. ഈ വർഷത്തെ സഭാതാരക മാസാചരണം കൂടുതൽ അർത്ഥവത്താക്കുവാൻ ഏവരും ഉത്സാഹിക്കണം.

നമ്മുടെ സഭാ ഭരണഘടനയുടെ സമഗ്ര ഭേദഗതിക്കായുള്ള പഠനങ്ങളും ചർച്ചകളും തുടർന്ന് വരികയാണല്ലോ. സഭാ പ്രതിനിധി മണ്ഡലത്തിന്റെ ഒരു പ്രത്യേകയോഗം തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ആഡിറ്റോറിയത്തിൽ വെച്ച് 2024 ഫെബ്രുവരി 7, 8, 9 (ബുധൻ, വ്യാഴം, വെള്ളി) തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ സഭ എപ്പിസ്ക്കോപ്പസിയും ജനാധിപത്യ സംവിധാനവും ഗൗരവമായിക്കാണുന്ന സഭയാണ്. ഇതിൽ ഭരണഘടനയുടെ പങ്ക് വളരെ വലുതാണ്. ഭരണഘടനയിൽ വരുത്തുന്ന മാറ്റങ്ങൾ സഭയുടെ ഇന്നിന്റെ കെട്ടുറപ്പിനെയും ഭാവി തലമുറയേയും ഒരുപോലെ മുന്നിൽ കണ്ടുകൊണ്ട് നിർവ്വഹിക്കേണ്ട ഉത്തരവാദിത്വമാണ്. ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി സഭാ മണ്ഡലാംഗങ്ങൾ ഇതിനായി സമയം മുൻകൂട്ടി വേർതിരിച്ച് മണ്ഡല യോഗത്തിൽ സംബന്ധിക്കുകയും ചർച്ചകളിൽ പങ്ക് ചേരുകയും സഭയുടെ കെട്ടുറപ്പിനും ദൈവനാമമഹത്വത്തിനുമുതകുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും വേണം.

നമ്മുടെ പെരുമ്പാവൂർ മാർത്തോമ്മാ കോളേജ് ഫോർ വിമൻ, നാക്ക് അക്രഡിറ്റേഷൻ 4-ാം സൈക്കിളിൽ എ (+) നേടി എന്നത് അഭിമാനകരമാണ്. നമ്മുടെ സഭയുടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്ന ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ പുനക്രമീകരിച്ചു. അതോടൊപ്പം കോളേജ് മാനേജർമാരുടെ ചുമതലയിലും വ്യത്യാസം വരുത്തിയിരിക്കുന്നു. ദേശീയ, സംസ്ഥാന തലങ്ങളിൽ ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന കാലോചിതമായ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ സ്ഥാപനങ്ങളും ഉയർന്ന് പ്രവർത്തിക്കണം. അതിനുതകുന്ന നേതൃത്വം നല്കുവാൻ പുതിയ നിയമനങ്ങളിലൂടെ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്ക്കൂളുകളുടെ പുനരുദ്ധാരണം സമീപമുള്ള ഇടവകകൾ ചേർന്ന് നിർവ്വഹിക്കുന്നത് അഭികാമ്യമാണ്.

നമ്മുടെ സഭയുമായി പൂർണ്ണ സംസർഗ്ഗത്തിലുള്ള സി.എൻ.ഐ. സഭയുടെ നേതൃത്വത്തിൽ അടുത്ത സമയം പുതിയ നേതാക്കൾ തെരഞ്ഞെടുക്കപ്പെട്ടു. മോഡറേറ്റർ മോസ്റ്റ് റവ. ബി. കെ. നായക്, ഡപ്യൂട്ടി മോഡറേറ്റർ റൈറ്റ് റവ. പോൾ ഡ്യൂപ്പരെ, ജനറൽ സെക്രട്ടറി റവ. ഡോ. അജിത് കുമാർ എന്നിവരെ അവരുടെ പുതിയ സ്ഥാനലബ്ധിയിൽ അനുമോദിക്കുന്നു. സി.എസ്.ഐ. മധ്യ കേരളാ മഹായിടവകയുടെ രജിസ്ട്രാറായി അഡ്വ. ഷീബാ തരകൻ, ട്രഷററായി റവ. ജിജി ജോൺ ജേക്കബ്, വൈദീക സെക്രട്ടറിയായി റവ. അനിയൻ കെ. പോൾ, അത്മായ സെക്രട്ടറിയായി അഡ്വ. സ്റ്റീഫൻ ദാനിയേൽ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടതിൽ അനുമോദിക്കുന്നു. ദൈവനാമ മഹത്വത്തിനും സഭകളുടെ ഐക്യത്തിനും വേണ്ടി പ്രവർത്തിക്കുവാൻ പുതിയ ഭാരവാഹികൾക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

ജനുവരി 14-ാം തീയതി ഞായറാഴ്ച ലഹരി വിരുദ്ധദിനമായി സഭ വേർതിരിച്ചിരിക്കുന്നു. ലഹരിവസ്തുക്കളുടെ ലഭ്യതയും ഉപയോഗവും അപകടകരമാംവിധം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ലഹരിയുടെ

മാരക വിപത്തിനെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും മാനവസമൂഹത്തെ രക്ഷിക്കുന്നതിനും സഭ പ്രതിജ്ഞാബദ്ധമാണ്. സഭ ആരംഭിച്ചിട്ടുള്ള ലഹരിവിമോചനസമിതിയുടെ ശാഖകൾ ഇടവകകളിലും ആരംഭിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സഭ ഒന്നടങ്കം ഈ തിന്മയ്ക്കെതിരെ പോരാടുവാൻ സമർപ്പിതരാകണം. ലഹരി വിമോചന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ പ്രയോജനപ്രദമാക്കണം. നമ്മുടെ സഭാംഗങ്ങൾ, ക്രിസ്തീയ സാക്ഷ്യം നിലനിർത്തുന്നതിന്റെ ഭാഗമായി ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും പൂർണ്ണമായി വിട്ടു നിൽക്കേണ്ടതാണ്.

ജനുവരി 18 മുതൽ 25 വരെ ക്രൈസ്തവ ഐക്യത്തിനു വേണ്ടിയുള്ള പ്രാർത്ഥനാ വാരം (യൂണിറ്റി ഒക്റ്റേവ്) ആയി ആചരിക്കുകയാണല്ലോ. ഇന്ത്യയിൽ സഭകളുടെ ദേശീയ കൗൺസിലാണ് (NCCI) യൂണിറ്റി ഒക്റ്റേവിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ലൂക്കൊസ് 10 : 27 ആണ് ഈ വർഷത്തെ പ്രാർത്ഥനാ വാരത്തിന്റെ കുറിവാക്യം. 'നീ നിന്റെ ദൈവമായ യഹോവയെയും, ... നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം' എന്നതാണ് പ്രധാന ചിന്താവിഷയം. ബുർക്കിന ഫാസോ (Burkina Faso) എന്ന, ഏകദേശം 22 ദശ ലക്ഷം ആളുകൾ മാത്രം നിവസിക്കുന്ന താരതമ്യേന ചെറിയ ഒരു രാജ്യത്തെ എക്യൂമെനിക്കൽ ടീം ആണ് ഈ വർഷത്തെ പ്രാർത്ഥനകൾ ക്രമീകരിച്ചു നൽകിയത്. കോളനിവത്കരിക്കപ്പെട്ട ഒരു രാജ്യം എന്ന നിലയിലും സാമ്പത്തിക പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഒരു രാജ്യം എന്ന നിലയിലും ഈ രാജ്യത്തു നിന്നും ഉയരുന്ന പ്രാർത്ഥനകൾ നമ്മുടെ കൂട്ടായ്മകളെയും സമ്പുഷ്ടമാക്കട്ടെ. പ്രാദേശികമായി ഐക്യ ആരാധനകൾ ക്രമീകരിക്കുന്നത് ഉചിതമാകും. ജനുവരി 21 ഞായറാഴ്ച സഭകളുടെ ദേശീയ കൂട്ടായ്മയായ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (NCCI) ദിനമായി വേർതിരിച്ചിരിക്കുന്നു. സഭകളുടെ കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും നമുക്കും പങ്കാളികളാകാം.

നമ്മുടെ സഭയിൽ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് രൂപപ്പെടുകയും അതിന് ഔദ്യോഗിക അംഗീകാരം നല്കി, നിയതമായ ഒരു ഭരണഘടന നിലവിൽ വരികയും ചെയ്തുവല്ലോ. പ്രസ്തുത ഭരണഘടന പ്രകാരം വിളിച്ചുകൂട്ടിയ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ പ്രഥമ കേന്ദ്ര പൊതുയോഗം ഡിസംബർ മാസം 9-ാം തീയതി ചേർന്ന് ഔദ്യോഗിക ഭാരവാഹികളെയും കേന്ദ്ര കമ്മിറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തു. ഇതിന്റെ രൂപീകരണ സമയത്ത് ജനറൽ സെക്രട്ടറി എന്ന നിലയിൽ ആവശ്യമായ നേതൃത്വം നല്കിയ വികാരി ജനറൽ വെരി റവ. കെ. എം. മാമ്മൻ അച്ചനോടുള്ള നന്ദി അറിയിക്കുകയും പുതുതായി ചുമതല സ്ഥാനത്തേക്ക് പ്രവേശിച്ചിരിക്കുന്ന ഔദ്യോഗിക ചുമതലക്കാർക്കും കേന്ദ്രകമ്മിറ്റി അംഗങ്ങൾക്കും അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുകയും ചെയ്യുന്നു. ഈ സംഘടനയുടെ ഭദ്രാസന, സെന്റർ, ശാഖാ തല പ്രവർത്തനങ്ങൾ ശക്തമാക്കി സീനിയർ സിറ്റിസൺസിന്റെ അറിവും അനുഭവസമ്പത്തും സഭയ്ക്കും സമൂഹത്തിനും പ്രയോജനപ്രദമാക്കിത്തീർക്കുവാൻ ഉത്സാഹിക്കണമെന്ന് ഏവരെയും ഉദ്ബോധിപ്പിക്കുന്നു. ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റും ഇത്തരത്തിലുള്ള അംഗീകൃത സ്ഥാപനമാണല്ലോ. അതിന്റെയും ഭദ്രാസന, സെന്റർ, ശാഖാ തലപ്രവർത്തനങ്ങൾ സജീവമാക്കുവാൻ ഏവരും ഉത്സാഹിക്കണം.

കത്തോലിക്കാ സഭയും മാർത്തോമ്മാ സഭയും തമ്മിലുള്ള ഉഭയകക്ഷി സംവാദത്തിന്റെ ആദ്യ കൂടിവരവ് ഡിസംബർ 14 ന് ആലുവ ശാന്തിഗിരി ആശ്രമത്തിൽ നടന്നു. നമ്മുടെ സഫ്രഗൻ മെത്രാപ്പോലീത്ത ഡോ. ജോസഫ് മാർ ബർന്നബാസ് തിരുമേനി ഫ്രാൻസിസ് മാർപാപ്പയെ സന്ദർശിക്കുകയും, തുടർന്ന് എക്യൂമെനിക്കൽ ഐക്യം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വത്തിക്കാൻ ഡിക്കാസ്റ്ററി സെക്രട്ടറി ബിഷപ്പ് ഡോ. ബ്രയാൻ ഫാരെൽ മാർത്തോമ്മാ മെത്രാപ്പോലീത്തായെ പൂലാത്തീനിൽ സന്ദർശിക്കുകയും ചെയ്തതിൽ നിന്നാണ് ഈ പുതിയ സംഭാഷണത്തിന്റെ തുടക്കം. ആദ്യ മീറ്റിംഗിൽ മാർത്തോമ്മാ സഭയുടെ ചരിത്രത്തെയും (റവ. ഡോ. ജോൺ ഫിലിപ്പ്) എക്യുമെനിക്കൽ ബന്ധങ്ങളെയും (ഡോ. ജോസഫ് മാർ ഇവാനിയോസ് എപ്പിസ്കോപ്പാ) കുറിച്ചുള്ള വിഷയാവതരണം നടത്തി. കത്തോലിക്കാ പ്രതിനിധി സംഘം എക്യൂമെനിസത്തിന്റെ കത്തോലിക്കാ തത്വങ്ങളും (ബിഷപ്പ് ബ്രയാൻ ഫാരൽ) മലങ്കര ഓർത്തഡോക്സ് സഭകളുമായുള്ള കത്തോലിക്കാ സഭയുടെ സംഭാഷണത്തിലെ സംഭവവികാസങ്ങളും (റവ. ഫാ. ഹയാസിന്തെ ഡെസ്റ്റിവെല്ലെ) അവതരിപ്പിച്ചു. തുടർന്ന് 2024 ഡിസംബർ 12-ന് നടക്കുന്ന ചർച്ചയുടെ സാധ്യതകളെക്കുറിച്ചും അജണ്ടയെക്കുറിച്ചും കമ്മീഷൻ അഭിപ്രായങ്ങൾ കൈമാറി. കത്തോലിക്കാ പ്രതിനിധി സംഘത്തിൽ 7 പേരും മാർത്തോമ്മാ സഭയെ പ്രതിനിധീകരിച്ച് 9 പേരും സംവാദത്തിൽ പങ്കെടുത്തു. സഭകളുടെ എക്യൂമെനിക്കൽ ബന്ധങ്ങളിൽ പുത്തൻ ഏടുകൾ രചിക്കുവാൻ ഇത്തരത്തിലുള്ള സംവാദശ്രമങ്ങൾ മുഖാന്തിരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

എല്ലാവർഷവും ജനുവരി 26 ഇന്ത്യൻ റിപ്പബ്ലിക്ക് ദിനമായി നാം ആചരിക്കുന്നുവല്ലോ. ഇന്ത്യൻ ഭരണഘടനയുടെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്ന ഒരു ദിനമാണിതെന്നു നാം ഓർക്കണം. ഭരണഘടനയിലൂടെ സാമൂഹ്യനീതി വിഭാവന ചെയ്ത അംബേദ്ക്കറിനെപ്പോലെയുള്ള ദാർശനികരെ ഇത്തരുണത്തിൽ നമുക്കോർക്കാം. കൊളോണിയൽ ഭരണക്രമത്തിൽ നിന്നുള്ള ഒരു വിടുതലാണ് ഇന്ത്യ എന്ന റിപ്പബ്ളിക്കിലൂടെ നാം സ്വപ്നം കണ്ടത്. അതുകൊണ്ടുതന്നെ എല്ലാത്തരം അടിച്ചമർത്തലുകളെയും പ്രതിരോധിക്കുന്ന ഒന്നാകണം ഇന്ത്യയുടെ ഭരണഘടന. സമാധാനത്തിനും സാഹോദര്യത്തിനും പേരുകേട്ട കേരളത്തിൽ കഴിഞ്ഞ ഏതാനും നാളുകളായി അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും പേരിൽ തെരുവിൽ ഏറ്റുമുട്ടലുകൾ വർദ്ധിച്ചുവരുന്നു എന്നത് ഒരിക്കലും ഭൂഷണമല്ല. ജനാധിപത്യം ശക്തിപ്പെടുത്തേണ്ടത് സംവാദത്തിലൂടെയാകണം ഒരിക്കലും സംഘർഷത്തിലൂടെ ആകരുത്. ജീവനെ വിലമതിക്കുന്ന എല്ലാവരും കക്ഷിഭേദമെന്യെ ഒത്തുചേർന്ന് ദേശത്തിന്റെ സൗഖ്യത്തിനും സമാധാനത്തിനും വേണ്ടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

മെത്രാപ്പോലീത്തായുടെ പട്ടത്വ സുവർണ്ണജൂബിലിയുടെ ഭാഗമായി ആവിഷ്കരിച്ച അഭയം പദ്ധതിയിലൂടെ ക്രിസ്തുമസ് കാലയളവിൽ തലചായ്ക്കാൻ ഇടമില്ലാത്തവർക്ക് ക്രിസ്തുമസ് സമ്മാനമായി വീടൊരുക്കി നല്കി. ആദ്യ ഘട്ടത്തിൽ 75 വീടുകളുടെ നിർമ്മാണമാണ് വിവിധ സ്ഥലങ്ങളിൽ പുരോഗമിക്കുന്നത്. ഇതിൽ നിർമ്മാണം പൂർത്തിയാക്കിയ ആദ്യ വീടിന്റെ കൂദാശ ഡിസംബർ 24 ന് പത്തനാപുരം പുതുവലിൽ നിർവഹിച്ചു. ആഘോഷങ്ങളില്ലാതെ സമൂഹത്തിൽ വേദനിക്കുന്നവർക്ക് കരുതലാകുന്ന പദ്ധതിയായി സുവർണ്ണജൂബിലി ഓർമ്മിക്കപ്പെടണമെന്ന ആഗ്രഹമാണ് അഭയം ഭവന പദ്ധതിയായി രൂപപ്പെടുത്തിയത്. 565 സ്ക്വയർ ഫീറ്റ് വരുന്ന ഒരു വീടിന് 7.50 ലക്ഷം രൂപയാണ് ചിലവ്. ഭൂരഹിതരായവർക്ക് ഭൂമി കൂടി ലഭ്യമാക്കിയാണ് ഭവനം ഒരുക്കുന്നത്. സഭാ ജനങ്ങൾ സൗജന്യമായി ഭൂമി നൽകാൻ മുന്നോട്ടു വന്നതോടെ ഭുമിയില്ലാത്തവർക്കും വാസയോഗ്യമായ വീടെന്ന സ്വപ്നം യാഥാർത്ഥ്യമാകുവാൻ സാഹചര്യമൊരുങ്ങി. അഭയം പദ്ധതിയുടെ ഏതാനും വീടുകൾ കൂദാശയ്ക്കായി ജനുവരി മാസത്തിൽ സജ്ജമാകുന്നു.

സഭയുടെ സുവിശേഷ വേലസ്ഥലങ്ങളിൽ സജീവമായി പ്രവർത്തിച്ചശേഷം വിശ്രമജീവിതത്തിലായിരുന്ന സുവിശേഷകൻ ശ്രീ. ഏ. റ്റി. ജോർജ്ജും, സജീവസേവനത്തിലായിരുന്ന സുവിശേഷകൻ ശ്രീ. ഷിബു എം. തോമസും കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. സഭയിലൂടെ അവർ നിർവ്വഹിച്ച അനുഗ്രഹിതമായ പ്രവർത്തനങ്ങൾക്കായി ദൈവത്തെ സ്തുതിക്കാം. നമ്മുടെ സഭാംഗവും മുൻ രാജ്യസഭ ഉപാദ്ധ്യക്ഷനുമായ പ്രൊഫ. പി. ജെ. കുര്യന്റ സഹധർമ്മിണി ശ്രീമതി സൂസൻ കുര്യൻ നിര്യാതയായി. വേർപാടിന്റ വേദനയിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്ക് ചേരുകയും സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

കലണ്ടർ വർഷത്തിന്റെ ആദ്യ ഞായർ, നമ്മുടെ സഭ ബാഹ്യകേരളാ മിഷൻ ദിനമായി വേർതിരിച്ചിരിക്കുന്നത് സുവിശേഷവേല സഭയുടെ അടിസ്ഥാന നിയോഗം ആയിരിക്കുകയാലാണ്. പ്രവർത്തന സന്നദ്ധത ഉളവാക്കുന്ന മനസ്സലിവാണ് സുവിശേഷവേലയുടെ പ്രചോദനം. 'ചിന്നിയവരും കുഴഞ്ഞവരുമായി' ജനതകൾ കാണപ്പെടുന്നത് അവർ സത്യ ഇടയനായി ദൈവത്തെ അറിയാത്തതു കൊണ്ടാണ്. ആശയക്കുഴപ്പങ്ങൾ വർദ്ധിച്ചു വരുന്ന ലോകത്തിൽ വർദ്ധിതമായ തരത്തിൽ സുവിശേഷ ദൗത്യനിർവഹണം നടക്കേണ്ടതുണ്ട്. അതു തിരിച്ചറിഞ്ഞു, ദൈവഹിതപ്രകാരം, ദൈവിക ശൈലിയിൽ കൂടുതൽ ഉൾച്ചേരലുകൾക്കു സഭ ഒരുക്കപ്പെടാൻ നമുക്ക് പ്രാർത്ഥിക്കാം.

ജനുവരി 14 ഞായർ സഭ 'ജീവിതം ദൈവമഹത്വത്തിനായി' എന്നത് ധ്യാനത്തിനു വിഷയമാക്കുകയാണ്. നിരന്തരം പുതുക്കപ്പെടുന്നതിനു സഭ തയ്യാർ ആകേണ്ടതുണ്ട്. ഓരോ കാലത്തും മനുഷ്യ ജീവിതങ്ങളെ ഗ്രസിക്കാവുന്ന ഭോഗാതുരതകളുടെ അന്ധകാരത്തിൽ നിന്നും വിമോചനം നൽകുന്ന 'വെളിച്ചമായും' ഗുണപരമായ സൗഖ്യം നൽകുന്ന 'ഉപ്പായും' സഭ തീരണമല്ലോ. യഥാർഥ ദൈവബന്ധം ഇല്ലാതെ പോകുന്നതാണ് മനുഷ്യ അപചയങ്ങളുടെ മൂലകാരണം. ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനു ദൈവ ബന്ധത്തിൽ മാത്രമേ പൂർണത പ്രാപിക്കാൻ കഴിയുകയുള്ളു. മനുഷ്യരുടെ ദൈവബന്ധം സജീവമാക്കാൻ സഹായിക്കുകയാണ് സഭാ ദൗത്യം.

ജനുവരി ഇരുപത്തി ഒന്നാം തീയതി ഞായറാഴ്ച നാം ധ്യാനിക്കുന്നത് 'സ്നേഹം ഐക്യത്തിന്റെ അടിത്തറ' എന്ന ചിന്തയാണ്. കേവലം ഒരു വികാരം എന്നതിനപ്പുറം സ്നേഹം ഒരു ജീവിതമൂല്യമാകുന്നതാണ് ആവശ്യം. സ്നേഹം ദൈവിക ഭാവമാണ്. ദൈവത്തെ സ്നേഹിക്കുന്നവർക്കു സഹമനുഷ്യരെ സ്നേഹിക്കാതെ ഇരിക്കാൻ കഴിയുകയില്ല. സ്വാർത്ഥതയില്ലാതെ യിസ്രയേൽ പാളയത്തിലെ ഐക്യം സൂക്ഷിക്കുവാൻ മോശയ്ക്കു കഴിഞ്ഞതിനെ ഒന്നാം പാഠം പരാമർശിക്കുന്നു. നടുന്നവനും നനയ്ക്കുന്നവനുമല്ല, വളരുമാറാക്കുന്ന ദൈവത്തോടു കൂറുണ്ടാവുകയാണ് പരസ്പര ഐക്യത്തിന്റെ അടിസ്ഥാനമെന്ന് വിശുദ്ധ പൗലൊസും പറയുന്നു. പിതാവാം ദൈവം പുത്രനെ സ്നേഹിക്കുന്ന രീതിയിൽ പുത്രൻ തന്റെ ശിഷ്യരെ സ്നേഹിക്കുന്നു. അതേ ശൈലിയിൽ ശിഷ്യർ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നതിലൂടെ മാത്രമേ ശിഷ്യസമൂഹത്തിന്റെ ഐക്യം സൂക്ഷിക്കാൻ കഴിയൂ. സ്നേഹവും ഐക്യവുമാണ് വിശ്വാസ ജീവിതത്തിന്റെ നേർ സാക്ഷ്യം. സ്നേഹം തണുത്തു പോകുന്ന ജീവിത പരിസരങ്ങളിൽ സ്വാർത്ഥരഹിത സ്നേഹത്തിന്റെ പ്രയോക്താക്കളായി വിശ്വാസത്തിനു സാക്ഷ്യം നൽകാൻ ദൈവം സഹായിക്കട്ടെ.

ഭാരതത്തിന്റെ റിപ്പബ്ലിക് ദിനാചരണത്തോടു ചേർന്നു വരുന്ന ഞായറാഴ്ച ജനുവരി ഇരുപത്തി എട്ടാം തീയതി, രാഷ്ട്ര നിർമിതിയിൽ ഉൾചേരുന്നത് ക്രൈസ്തവ ഉത്തരവാദിത്വം ആകുന്നുവെന്ന് സഭ പഠിപ്പിക്കുന്നു. മൂല്യങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് സമൂഹത്തെ ഗുണപരമായി സ്വാധീനിക്കുന്ന 'പുളിമാവ്' ആയി തീരാൻ കഴിയേണ്ടതുണ്ട്. നെഹമ്യാവ് അങ്ങനെ ഒരു സ്വാധീനം ആയിരുന്നുവല്ലോ. സർവ്വധികാരിയായ ദൈവത്തോടു സകല അധികാരികൾക്കു വേണ്ടിയും പ്രാർത്ഥിക്കുവാൻ നമുക്ക് കടപ്പാടുണ്ട് എന്നു വേദപുസ്തകം പ്രബോധിപ്പിക്കുന്നുണ്ടല്ലോ. ദൈവരാജ്യ മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, സത്യസന്ധമായ പ്രവർത്തികൾ ഉണ്ടായാൽ അവക്ക് പ്രയോജനം ഉണ്ടാവുക തന്നെ ചെയ്യും. ദൈവ വിരുദ്ധ മൂല്യങ്ങൾ തള്ളി, ദൈവിക മൂല്യങ്ങൾ ഉൾക്കൊണ്ടു സമൂഹ സൃഷ്ടി നടത്താൻ ദൈവം എല്ലാവരെയും സഹായിക്കട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.



പൂലാത്തീൻ
28. 12. 2023

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**